(എ) വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കൺട്രോൾ റൂം സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് എത്ര സെക്ഷനുകളിലായി എത്ര ലക്ഷം ഉപഭോക്താക്കളെ സ്പോട്ട് ബില്ലിംഗ് സമ്പ്രദായത്തിന്റെ പരിധിയിൽ കൊണ്ടു വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഈ സംവിധാനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സംസ്ഥാനത്തെ മുൻസിപ്പൽ പ്രദേശങ്ങളിലേക്ക് സ്പോട്ട് ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിൽ ആണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഗ്രാമപ്രദേശങ്ങളിൽ സ്പോട്ട് ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലാ ആസ്ഥാനങ്ങളിൽ നേരത്തെ തന്നെ കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, കണ്ണൂർ, പാലക്കാട് എന്നീ ജില്ലാ ആസ്ഥാനങ്ങളിൽ കൂടി കൺട്രോൾ റൂം സംവിധാനം ഏർപ്പെടുത്തുവാൻ 21-2-2000-ൽ ബോർഡ് ഉത്തരവായിട്ടുണ്ട്.

(ബി) 264 സെക്ഷനുകളിലായി 29,28,527 ഉപഭോക്താക്കളെ സ്പോട്ട് ബില്ലിംഗ് സമ്പ്രദായത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഈ സംവിധാനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) മുൻസിപ്പൽ പ്രദേശങ്ങളിലുള്ള 168 സെക്ഷനുകളിൽ 1-6-2000 മുതൽ സ്പോട്ട് ബില്ലിംഗ് നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഗ്രാമപ്രദേശങ്ങളിലും സ്പോട്ട് ബില്ലിംഗ് ഘട്ടം ഘട്ടമായി വ്യാപിപ്പിക്കുവാൻ ബോർഡ് ഉദ്ദേശിക്കുന്നു.

കൺസ്യൂമർ കാർഡിനെതിരെയുള്ള കേസ്

17 (*46) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന്റെ കൺസ്യൂമർ കാർഡുമായി ബന്ധപ്പെട്ട് സംസ്ഥാന ഹൈക്കോടതി മുമ്പാകെ എന്തെങ്കിലും കേസ് വന്നിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കേസിൽ വൈദ്യുതിബോർഡ് നൽകിയ സത്യവാങ്മൂലത്തിൽ എന്തെല്ലാം കാര്യങ്ങളാണ് അറിയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) കൺസ്യൂമർ കാർഡിനുള്ള അപേക്ഷയുടെ വെളിച്ചത്തിൽ കൂടുതൽ വൈദ്യുതി ചാർജോ ഡെപ്പോസിറ്റോ ആവശ്യപ്പെടുകയില്ലെന്ന് വൈദ്യുതി ബോർഡ് സത്യവാങ്മൂലത്തിൽ ഹൈക്കോടതിയെ അറിയിച്ചിരുന്നുവോ ;

(ഡി) വൈദ്യുതി ബോർഡ് ഇപ്പോൾ കൂടുതൽ ഡെപ്പോസിറ്റ് ആവശ്യപ്പെടുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) വന്നിരുന്നു.

(ബി) 1998-ലെ കേരള പവർ പോളിസിയിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം ബോർഡും ഉപഭോക്താക്കളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും മെച്ചപ്പെട്ട സേവനം നൽകുന്നതിനും വേണ്ടിയാണ് കൺസ്യൂമർ കാർഡ് സമ്പ്രദായം തുടങ്ങിയിരിക്കുന്നത്. കെ. എസ്. ഇ. ബി.യുടെ "കണ്ടീഷൻസ് ഓഫ് സപ്ലൈ ഓഫ് ഇലക്ട്രിക്കൽ എനർജി" യുടെ 49-ാം ക്ലോസ് പ്രകാരം ഉപഭോക്താവും ഇലക്ട്രിസിറ്റി ബോർഡുമായുള്ള എല്ലാ ഇടപാടുകൾക്കും ഒരു അടിസ്ഥാനരേഖ എന്ന നിലയിൽ ഓരോ ഉപഭോക്താവിനും കൺസ്യൂമർ രജിസ്ട്രേഷൻ കാർഡ് നൽകേണ്ടതാണെന്നും ഇത് സർവീസ് കണക്ഷൻ എഗ്രിമെന്റിന്റെ ഭാഗമാകുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൺസ്യൂമർ കാർഡിന് വേണ്ടിയുള്ള അപേക്ഷാഫാറത്തിൽ പൂരിപ്പിച്ച് നൽകേണ്ട വിവരങ്ങൾ ഉപഭോക്താവിന് പൂരിപ്പിക്കാൻ പ്രയാസമാണെന്നും ഉപഭോക്താവ് നൽകുന്ന വിവരങ്ങൾ ഉപഭോക്താവിനെ ശിക്ഷിക്കാൻ വേണ്ടി ബോർഡ് ഉപയോഗിച്ചേക്കുമെന്നുമുള്ള ആശങ്ക അടിസ്ഥാന രഹിതമാണ്. കണക്റ്റഡ് ലോഡ് സംബന്ധിച്ച് ഉപയോഗിക്കുന്ന ലൈറ്റുകളുടെ എണ്ണം, ഫാനുകളുടെ എണ്ണം പ്ലഗ് പോയിന്റുകൾ എന്നിവ നൽകിയാലും മതിയാകുന്നതാണ്. കണക്ടഡ് ലോഡിനെ സംബന്ധിച്ച മറ്റ് വിവരങ്ങൾ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർ പൂരിപ്പിക്കുന്നതാണ്. അപേക്ഷാഫാറത്തിൽ പൂരിപ്പിച്ച് നൽകിയിട്ടുള്ള ഡിക്ലറേഷന്റെ അടിസ്ഥാനത്തിൽ അധികചാർജ് ഈടാക്കുന്നതല്ല. ഈ പദ്ധതി പ്രകാരം ഉപഭോക്താവിന്റെ അനധികൃത കണക്ടഡ് ലോഡിന് നിയമസാധുത ലഭിക്കുന്നതാണ്. കൺസ്യൂമർ കാർഡിന് വേണ്ടിയുള്ള അപേക്ഷ നൽകിയിട്ടില്ല എന്ന കാരണത്താൽ വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നതല്ല.

(സി) അറിയിച്ചിരുന്നു.

(ഡി) ഉണ്ട്. കൺസ്യൂമർ കാർഡും അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റുമായി ബന്ധമില്ല. നേരത്തെ തന്നെ നിലവിലുള്ള വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് അഡീഷണൽ സി.ഡി. അടയ്ക്കേണ്ടി വരുന്നത്. ഓരോ എൽ. റ്റി. ഉപഭോക്താവിന്റെയും പേരിൽ അവരുടെ മൂന്ന് മാസത്തെ വൈദ്യുതി ചാർജിന് തുല്യമായ തുക സെക്യൂരിറ്റി ഡപ്പോസിറ്റായി ഉണ്ടായിരിക്കേണ്ടതാണ്. ഉപഭോക്താവിന്റെ വൈദ്യുതി ഉപഭോഗത്തിലുണ്ടാവുന്ന വർദ്ധനവ് മൂലവും

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി നിരക്കിൽ ഉണ്ടാകുന്ന വർദ്ധനവ് മൂലവും പ്രതിമാസ വൈദ്യുതി ചാർജിൽ വർദ്ധനവുണ്ടാകാറുണ്ട്. തന്മൂലം ഉപഭോക്താവിന്റെ പേരിൽ നിലവിലുള്ള സെക്യൂരിറ്റി ഡപ്പോസിറ്റ് മതിയാകാതെ വരുന്നുണ്ടെങ്കിൽ 3 മാസത്തെ വൈദ്യുതി ചാർജ്ജിന് തുല്യമായ തുക സെക്യൂരിറ്റി ഡപ്പോസിറ്റ് ആക്കുന്നതിന് വേണ്ടി വരുന്ന ബാക്കി തുകയ്ക്ക് ഉപഭോക്താവിന് കാലാകാലങ്ങളിൽ നോട്ടീസ് അയയ്ക്കാറുണ്ട്. ഇപ്രകാരം അഡീഷണൽ ക്യാഷ് ഡപ്പോസിറ്റ് ശേഖരിക്കുന്നതിന് നിലവിലുള്ള കണ്ടീഷൻസ് ഓഫ് സപ്ലൈയുടെ ക്ലോസ് 14 (സി) ൽ നേരത്തെ തന്നെ വ്യവസ്ഥയുണ്ട്.

വൈദ്യുതി നിലയങ്ങളുടെ അറ്റകുറ്റപ്പണികൾ

18 (*47) ശ്രീ. എം. ദാസൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി നിലയങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുവാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്ത് സംവിധാനമെന്ന് വ്യക്തമാക്കുമോ ;

(ബി) അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തതുമൂലം സംസ്ഥാനത്തെ ജലവൈദ്യുത നിലയങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായല്ല നടക്കുന്നതെന്നതു ശ്രദ്ധയിൽപ്പെട്ടുവോ ;

(സി) തകരാറിലാകുന്ന വൈദ്യുതി നിലയങ്ങളുടെ പണി പൂർത്തിയാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പ്രവർത്തനം പുനരാരംഭിക്കുന്നത് വൈകുന്നതിനാൽ ജൂൺ, ജൂലൈ മാസങ്ങളിൽ സംസ്ഥാനത്ത് ലഭിക്കുന്ന മഴവെള്ളം ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കുവാൻ സ്വീകരിക്കുന്ന നടപടിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്ത് ജലവൈദ്യുതപദ്ധതികൾ ഉൾപ്പെടെയുള്ള വൈദ്യുതി നിലയങ്ങളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി നടത്തുവാൻ നിർദ്ദേശം നൽകുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാനത്തെ വൈദ്യുതി നിലയങ്ങളുടെ വലിപ്പം, സങ്കീർണ്ണത തുടങ്ങിയവ അടിസ്ഥാനമാക്കി വിവിധ തലങ്ങളിലാണ് വിദഗ്ധതൊഴിലാളികളും എഞ്ചിനീയർമാരുമടങ്ങുന്ന സംഘങ്ങളെ നിയോഗിച്ചിട്ടുള്ളത്. ഇടുക്കി പവർ ഹൗസ് പോലുള്ള സാങ്കേതിക സങ്കീർണ്ണതയിലും വലിപ്പത്തിലും ബൃഹത്തായ പവർ ഹൗസിനെ ഏഴ് സബ് സിസ്റ്റമായി വിഭജിച്ച് മെയിന്റനൻസ് നടത്തുമ്പോൾ,

LIBRARY ARCHIVES Kerala Legislative Assembly